ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
( ഹാജർ: ശ്രീ.ബി.റ്റി.വി.കൃഷ്ണൻ, ബി.ടെക്)

<u>ഉത്തരവ് നമ്പർ ബി2/7914/14/സി.ഇ. തീയതി 29/09/2020</u>

വിഷയം:- ഹാർബർ എഞ്ചിനീയറിഗ് വകുപ്പ്- ജീവനക്കാര്യം- ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ ) തസ്തികയിൽ സ്ഥാനക്കയറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഈ കാര്യാലയത്തിലെ 11-9-2020-ലെ ബി2/119/2020/സി.ഇ നമ്പർ ഉത്തരവ്

ഈ വകുപ്പിലെ രണ്ട് ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാർക്ക് അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയതുമൂലം ഉണ്ടായ ഒഴിവിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) തസ്തികയിൽ നിന്നും രണ്ട് പേർക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് അനുസരിച്ച് തോട്ടപ്പള്ളി സബ് ഡിവിഷനിലെ ശ്രീ. മുനീർ.എ., വിഴിഞ്ഞം ഡിവിഷനിലെ ശ്രീ.കെ.ജയകുമാർ, അഴീക്കൽ സബ് ഡിവിഷനിലെ ശ്രീ.അബ്ദുൾസമദ്.കെ. എന്നിവരാണ് സീനിയർ ആയിട്ടുള്ളത്. ഇതിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.എ.മുനീർ. പ്രൊബേഷൻ ഡിക്ലർ ചെയ്തിട്ടില്ലാത്തതിനാൽ യഥാക്രമം തിരുവനന്തപുരം ഡിവിഷനിലെ ശ്രീ.ബി.ജയകുമാർ അഴീക്കൽ സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. അബ്ദുൾസമദ് എന്നിവർക്കാണ് സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ നിയമനങ്ങൾ നടപ്പിലാക്കി ഉത്തരവാകുന്നു.

1. ഹാർബർ എൻജിനീയറിംഗ് തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തില രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.ബി.ജയകുമാറിനെ 26500-56700 രൂപ ശമ്പള സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

2. ഹാർബർ എൻജിനീയറിംഗ് അഴീക്കൽ സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. കെ. അബ്ദുൾസമദിനെ 26500-56700 രൂപ ശമ്പള സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഹാർബർ എഞ്ചിനീയറിംഗ് കാസർഗോഡ് സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

ഒപ്പ്,
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്
വ്യക്തികൾക്ക് (മേലധികാരി മുഖേന)

പകർപ്പ് :- 1) എക്സി.എഞ്ചിനീയർ , ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കാസർഗോഡ്/ കണ്ണൂർ/തിരുവനന്തപുരം.
2) അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, വിഴിഞ്ഞം / അഴീക്കൽ
3) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ , ഇ‌ഇ (ഡിസൈൻ)ചീഫ് എഞ്ചിനീയറുടെ പി.എ., എ.എ. ,എസ്.എസ് ( എസ്റ്റാ.), എച്ച്.സി, ബി3, ബി4 സെക്ഷനുകൾക്ക്

ഉത്തരവിൻപ്രകാരം,
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്



T1/B1